©
**കേരള സർക്കാർ**
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 8** Vol. VIII | **തിരുവനന്തപുരം, തിങ്കൾ** Thiruvananthapuram, Monday | **2019 ഡിസംബർ 09** 09th December 2019 **1195 വൃശ്ചികം 23** 23th Vrishchikam 1195 **1941 അഗ്രഹായനം 18** 18th Agrahayana 1941 | **നമ്പർ** No. | **3034** |

### കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

### വിജ്ഞാപനം

*തിരുവനന്തപുരം, തീയതി, 18 നവംബർ, 2019*
***2 വൃശ്ചികം, 1195***

സ.ഉ.(അ)നമ്പർ 82/2019/തസ്വഭവ.
**എസ്. ആർ. ഒ. നമ്പർ 958/2019**

1994–ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994–ലെ 20) 233–ാം വകുപ്പ് (2)–ഉം (5)–ഉം ഉപവകുപ്പുകൾ പ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2011 ജനുവരി 14–ാം തീയതിയിലെ സ.ഉ.(അ) നമ്പർ 17/2011/തസ്വഭവ. എന്ന നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 2011 ജനുവരി 14–ാം തീയതിയിലെ 79–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 34/2011 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ വിജ്ഞാപനം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താഴെപ്പറയും പ്രകാരം ഇതിനാൽ ഭേദഗതി ചെയ്യുന്നു, അതായത്:-

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിന്റെ പട്ടികയിൽ,-

(എ) ക്രമ നമ്പർ 7-ന് നേരെയുള്ള (2)-ാം കോളത്തിലെ, (ii)-ാം ഇനത്തിനും അതിനു നേരെയുള്ള (3)-ഉം (4)-ഉം (5)-ഉം (6)-ഉം കോളങ്ങളിലുള്ള ഉൾക്കുറിപ്പുകൾക്കും ശേഷം താഴെ പറയുന്ന ഇനവും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:-

| | | | | | |
|---|---|---|---|---|---|
| "(iii) | 2006-ലെ മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ് (2006-ലെ കേന്ദ്ര ആക്റ്റ് 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 30 | 45 | 40 | 60 " |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സബിത.എസ്.ഡി.

*ഡെപ്യൂട്ടി സെക്രട്ടറി.*

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 233-ാം വകുപ്പ് (2)-ഉം (5)-ഉം ഉപവകുപ്പുകൾ പ്രകാരം, മുനിസിപ്പൽ കൗൺസിലുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിലേക്കായി, അവയുടെ ഉപയോഗ ക്രമത്തിനനുസരിച്ച്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും ഏറ്റവും കൂടിയതുമായ പരിധികളും, അവ പ്രാബല്യത്തിൽ വരുന്ന തീയതിയും 2011 ജനുവരി 14–ാം തീയതിയിലെ സ.ഉ. (അ)നമ്പർ 17/2011/തസ്വഭവ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2011 ജനുവരി 14–ാം തീയതിയിലെ 79–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 34/2011 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ വിജ്ഞാപനപ്രകാരം സർക്കാർ നിശ്ചയിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ 2006–ലെ മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ് (2006–ലെ കേന്ദ്ര ആക്റ്റ് 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങളെ കൂടി ഒരു പ്രത്യേക വിഭാഗമായി ചേർത്ത് വിജ്ഞാപനം ചെയ്യേണ്ടത് അനിവാര്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ടി കെട്ടിടങ്ങളെ ഒരു പ്രത്യേക വിഭാഗമായി ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.12.09 09:36:19 +05:30